ഉത്തരം

(എ) ഉണ്ട്.

(ബി) ഇല്ല.

(സി) ഇല്ല.

(ഡി) ലഭിച്ചിരുന്നില്ല.

ലോക്കപ്പ്-കസ്റ്റഡി മരണങ്ങളെക്കുറിച്ച് അന്വേഷണം

27 [801] ശ്രീ. കോടിയേരി ബാലകൃഷ്ണൻ :

ശ്രീ. മത്തായി ചാക്കോ :

ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ :

ശ്രീ. മഞ്ഞളാംകുഴി അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് വർദ്ധിച്ചുവരുന്ന ലോക്കപ്പ്-കസ്റ്റഡി മരണങ്ങളെക്കുറിച്ച് എന്തെങ്കിലും അന്വേഷണം നടത്തിയിട്ടുണ്ടോ ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ ;

(ബി) സംസ്ഥാനത്ത് കഴിഞ്ഞ ആറുമാസത്തിനിടയിൽ വിവിധ പോലീസ് സ്റ്റേഷനുകളിൽ വച്ച് എത്ര പേർ മരണമടഞ്ഞിട്ടുണ്ട് ;

(സി) ഇതേ കാലയളവിൽ ചോദ്യം ചെയ്യലിനായി കസ്റ്റഡിയിലെടുത്ത എത്രപേർ കസ്റ്റഡിയിൽ വച്ച് മരണമടഞ്ഞിട്ടുണ്ട് ;

(ഡി) ചോദ്യം ചെയ്യലിനായി കസ്റ്റഡിയിലെടുത്ത എത്രപേർ പിന്നീട് ആശുപത്രിയിൽ വച്ച് മരണമടഞ്ഞിട്ടുണ്ട് ;

(ഇ) സംസ്ഥാനത്ത് നടന്ന ലോക്കപ്പ്-കസ്റ്റഡി മരണങ്ങളെക്കുറിച്ച് ജുഡീഷ്യൽ അന്വേഷണം നടത്തുമോ ?

ഉത്തരം

(എ) സംസ്ഥാനത്ത് ലോക്കപ്പ്-കസ്റ്റഡി മരണങ്ങൾ വർദ്ധിച്ചുവരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) സംസ്ഥാനത്ത് കഴിഞ്ഞ ആറുമാസത്തിനിടയിൽ പോലീസ് സ്റ്റേഷനിൽ വച്ച് ഒരാൾ മരണമടഞ്ഞിട്ടുണ്ട്.

(സി) ഇതേ കാലയളവിൽ ചോദ്യം ചെയ്യലിനായി കസ്റ്റഡിയിലെടുത്ത ആരും കസ്റ്റഡിയിൽ വച്ച് മരണമടഞ്ഞിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly

(ഡി) ആരും മരണമടഞ്ഞിട്ടില്ല.

എന്നാൽ മദ്യപിച്ച് കലഹസ്വഭാവിയായി പൂജപ്പുര ഗ്രൗണ്ടിൽ വച്ച് കെന്നൽ ക്ലബ് നടത്തിയ ഡോഗ് ഷോ പരിസരത്ത് 16-1-2005-ാം തീയതി വൈകിട്ട് 7 മണിയ്ക്ക് കാണപ്പെട്ട ജഗതി ബണ്ട്, കട്ടയ്ക്കൽ വീട്ടിൽ കുഞ്ഞൻ മകൻ ശിവദാസനെ (വയസ് 48) പൂജപ്പുര പോലീസ് സ്റ്റേഷനിൽ (തിരുവനന്തപുരം സിറ്റി) സുക്ഷിച്ചുവരവേ 17-1-2005-ന് രാവിലെ 8.30 മണിയോടുകൂടി ഛർദ്ദിച്ച് അവശനായതിനെ തുടർന്ന് ചികിൽസയ്ക്കായി തിരുവനന്തപുരം ജനറൽ ആശുപത്രിയിൽ കൊണ്ടുപോയി. അവിടെ ഡോക്ടർ പരിശോധിച്ചു നോക്കിയ സമയം മരണപ്പെട്ടുപോയതായ ഒരു സംഭവം റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുണ്ട്.

(ഇ) ഇക്കാര്യം പരിഗണനയിലില്ല.

പോലീസ് മർദ്ദനമേറ്റ് മരണപ്പെട്ടവർ

28 [802] ശ്രീ. എ. സി. ഷൺമുഖദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം പോലീസ് മർദ്ദനമേറ്റ് മരണപ്പെട്ടവർ എത്രയാണെന്ന് വ്യക്തമാക്കാമോ ;

(ബി) ഇത് സംബന്ധിച്ച് എത്ര കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട് എന്ന് വെളിപ്പെടുത്താമോ ;

(സി) ഇതിൽ എത്ര കേസുകൾ ചാർജ് ചെയ്തിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം (31-8-2004 മുതൽ 20-1-2005 വരെ) പോലീസ് മർദ്ദനമേറ്റ് ആരും മരണപ്പെട്ടിട്ടില്ല.

എന്നാൽ മദ്യപിച്ച് കലഹസ്വഭാവിയായി പൂജപ്പുര ഗ്രൗണ്ടിൽ വച്ച് കെന്നൽ ക്ലബ് നടത്തിയ ഡോഗ് ഷോ പരിസരത്ത് 16-1-2005-ാം തീയതി വൈകിട്ട് 7 മണിയ്ക്ക് കാണപ്പെട്ട ജഗതി ബണ്ട്, കട്ടയ്ക്കൽ വീട്ടിൽ കുഞ്ഞൻ മകൻ ശിവദാസനെ (വയസ് 48) പൂജപ്പുര പോലീസ് സ്റ്റേഷനിൽ (തിരുവനന്തപുരം സിറ്റി) സുക്ഷിച്ചുവരവേ 17-1-2005-ന് രാവിലെ 8.30 മണിയോടുകൂടി ഛർദ്ദിച്ച് അവശനായതിനെ തുടർന്ന് ചികിൽസയ്ക്കായി തിരുവനന്തപുരം ജനറൽ ആശുപത്രിയിൽ കൊണ്ടുപോയി. അവിടെ ഡോക്ടർ പരിശോധിച്ചു നോക്കിയ സമയം മരണപ്പെട്ടുപോയതായ ഒരു സംഭവം റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുണ്ട്.

(ബി, സി) മേൽപ്പറഞ്ഞ സംഭവത്തെ തുടർന്ന് പൂജപ്പുര പി. എസ്. ക്രൈം 21/05 പ്രകാരം ഒരു കേസ് രജിസ്റ്റർ ചെയ്യുകയും ആയത് സി. ബി. സി. ഐ. ഡി. എസ്.ഐ.ജി. തിരുവനന്തപുരം യൂണിറ്റ് അന്വേഷിച്ചുവരികയാണ്.

LIBRARY ARCHIVES Kerala Legislative Assembly